# ജപമാല ഭക്തി

കൊന്തമാതാവിന്റെ ഭക്തിക്കായി ചൊല്ലുന്ന പ്രാർത്ഥനയ്ക്ക് കൊന്തനമസ്കാരം, ജപമാല, അൻപത്തിമൂന്നുമണിജപം എന്നിങ്ങനെ പേരുകൾ പറയുന്നു. കൊന്തനമസ്കാരത്തിന്റെ ആരംഭം പതിമൂന്നാം നൂറ്റാണ്ടിലാണ്. ജപമാലഭക്തിക്ക് ഒരു പ്രത്യേകതയുണ്ട്. ദൈവമാതാവുതന്നെയാണ് ഈ ജപമാല ഭക്തി അറിയിച്ചു തന്നത്. പതിമൂന്നാം നൂറ്റാണ്ടിൽ സത്യസഭയ്ക്കെതിരായി ഒരു പാഷണ്ഡത ഉണ്ടായി. അൽബിജെൻസിയൻ പാഷണ്ഡത എന്നാണ് അറിയപ്പെടുന്നത്. ഈ അബദ്ധോപദേശത്തിൽപ്പെട്ട് പല ക്രിസ്ത്യാനികളും സത്യസഭയെ ഉപേക്ഷിക്കുവാൻ ഇടയായി. കത്തോലിക്കാ സഭയ്ക്ക് നേരിട്ട ഈ ആപത്തുകണ്ടു പല നല്ല ക്രിസ്ത്യാനികളും വളരെയധികം ദുഃഖിക്കുകയും ഈ ആപത്തു നീങ്ങിപ്പോകുവാൻ പ്രാർത്ഥിക്കുകയും ചെയ്തു. അങ്ങനെ ഹൃദയം നൊന്തു പ്രാർത്ഥിച്ച ഒരാളാണു വി. ഡൊമിനിക്. ഒരു ദിവസം അദ്ദേഹം ഫ്രാൻസു രാജ്യത്തിലെ ലങ്കുവെഭൊക്ക് എന്ന സ്ഥലത്ത് മാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ പ്രവേശിച്ച് മാതാവിനോട് അപേക്ഷിച്ചു. സത്യസഭയ്ക്ക് നേരിട്ടിരിക്കുന്ന ഈ ആപത്ത് എത്രയും വേഗം നീങ്ങിപ്പോകുവാൻ ഇടയാക്കണമേ എന്നായിരുന്നു ആ അപേക്ഷ. ഡൊമിനിക്കിന്റെ പരിശുദ്ധമായ ജീവിതത്തിലും എരിയുന്ന ഭക്തിയിലും ദൈവമാതാവു സംതൃപ്തയായി അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിച്ചു. ദൈവമാതാവ് ഡൊമിനിക്കിന് പ്രത്യക്ഷയായി ഒരു മാല കൊടുക്കുകയും ആ മാല ഉപയോഗിച്ചുകൊണ്ടു ചൊല്ലേണ്ട നമസ്കാരങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തു. ആ നമസ്കാരമാണ് കൊന്ത നമസ്കാരം, ജപമാല, അൻപത്തിമൂന്നുമണിജപം എന്നൊക്കെ നാം പറയുന്നത്. ദൈവമാതാവ് പറഞ്ഞുകൊടുത്ത കൊന്തനമസ്കാരം ഡൊമിനിക് മറ്റുള്ളവരെ പഠിപ്പിച്ചു. ആളുകൾ കൂട്ടമായി കൊന്ത നമസ്കാരം ചൊല്ലുവാൻ തുടങ്ങി. ആ പ്രാർത്ഥനയുടെ ഫലമായി അൽബിജൻസിയൻ പാഷണ്ഡത നിശേഷം ഇല്ലാതായി. ക്രിസ്തീയ സഭയ്ക്ക് എല്ലായിടത്തും വലിയ വളർച്ച ഉണ്ടാവുകയും ചെയ്തു. കൊന്തനമസ്കാരം വഴി അനേകമനേകം അത്ഭുതസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

''സകലത്തെയും ചരിപ്പിക്കുന്ന കരത്തെ പ്രാർത്ഥന ചരിപ്പിക്കും''. രണ്ടാം ലോകമഹായുദ്ധ കാലത്ത് അമേരിക്ക ഹിരോഷിമയിലും നാഗാസാക്കിയിലും അണുബോംബ് പ്രയോഗിച്ചു. ഹിരോഷിമയിൽ അണുബോംബ് നിപതിച്ച കേന്ദ്രത്തിൽ തന്നെ ഒരു ഭവനത്തിലുള്ള പതിനാറുപേർ യാതൊരാപത്തും കൂടാതെ അത്ഭുതകരമായി രക്ഷ പ്രാപിച്ചു. അന്നു മുതൽ ശാസ്ത്രജ്ഞന്മാർ പരീക്ഷണഗവേഷണങ്ങൾ നടത്തി. പക്ഷേ അവർക്ക് അതിന്റെ കാരണം കണ്ടുപിടിക്കുവാൻ സാധിച്ചില്ല. എന്നാൽ അക്കൂട്ടത്തിൽ ഒരു ഈശോസഭാ വൈദികനുണ്ടായിരുന്നു. റവ. ഫാ. റോബർട്ട്. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു. ആ കുടുംബത്തിൽ എല്ലാ ദിവസവും ജപമാല ചൊല്ലിക്കൊണ്ടിരുന്നതാണ് അപ്രകാരം രക്ഷപെടുവാൻ കാരണം.

### പ. കന്യക ജപമാല ഭക്തർക്കു നൽകുന്ന വാഗ്ദാനങ്ങൾ

1. ജപമാല ജപിക്കുന്ന എല്ലാവർക്കും എന്റെ പ്രത്യേക സംരക്ഷണം ലഭിക്കുന്നു.

2. ജപമാല ചൊല്ലിക്കൊണ്ട് തന്നെത്തന്നെ എനിക്കു സമർപ്പിക്കുന്ന ആരും നശിച്ചുപോവുകയില്ല.

3. ജപമാല ഭക്തർക്കു സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനം ലഭിക്കും.

4. നിശ്ചിതമായും രക്ഷപെടുംഎന്നതിന്റെ ഒരു മുന്നറിയിപ്പാണ് ജപമാല ഭക്തി.

## ജോൺപോൾ രണ്ടാമൻ മാർപാപ്പ

1979–ൽ ഒരു പൊതുസന്ദർശനാവസരത്തിൽ പ. പിതാവ് ഒന്നരലക്ഷത്തോളം വരുന്ന തീർത്ഥാടക സംഘത്തോട് ഇപ്രകാരം അരുളിചെയ്തു. എനിക്ക് ഏറ്റം പ്രിയങ്കരമായ പ്രാർത്ഥനയാണ് ജപമാല. എല്ലാ ക്രിസ്തീയ ഭവനങ്ങളിലും ഭക്തിപൂർവ്വം ജപമാല ജപിക്കണമെന്ന ആഗ്രഹവും മാർപാപ്പാ പ്രകടിപ്പിച്ചു. അതിനുള്ള കാരണം ജപമാലയിലൂടെ ദൈവജനനിവഴി മിശിഹാ നമ്മിൽ ജീവിക്കുന്നു. വ്യക്തികളെയും സമൂഹത്തെയും ജനപദങ്ങളെയും വിശ്വകുടുംബത്തെ മുഴുവനും ജപമാലയിൽ ഉൾപ്പെടുത്താവുന്നതാണ്. ജപമാല തികച്ചും സ്വർഗ്ഗീയമായ ഒരു പ്രാർത്ഥനയാണ്. അത് വി. ഗ്രന്ഥത്തിന്റെ സാരസംഗ്രഹമാണ്. നന്മനിറഞ്ഞ മറിയം തിരുസഭയുടെ സമര കാഹളമാണ്.

ഹൃദയത്തിൽ തിരുരഹസ്യങ്ങളുടെ ധ്യാനം, അധരങ്ങളിൽ പരി. അമ്മയുടെ സ്തുതിപ്പുകൾ, കരങ്ങളിൽ ജപമാല മണികൾ. ഇത് ജപമാല എന്ന പ്രാർത്ഥനയുടെ മാത്രം പ്രത്യേകതയാണ്. ഒരു ജപമാല നമ്മൾ തനിയെ ജപിക്കുമ്പോൾ ഒരു ജപമാലയുടെ ഫലം മാത്രം ലഭിക്കുന്നു. ഇപ്പോൾ നമ്മുടെ സമൂഹത്തിലുള്ള 60 പേർ ചേർന്ന് ജപമാല അർപ്പിക്കുമ്പോൾ 60 ജപമാലയുടെ അനുഗ്രഹപൂമഴ നമുക്ക് ലഭിക്കുന്നു. യേശുരഹസ്യത്തിലൂടെ രക്ഷയുടെ ദിവ്യാനുഭവം സ്വന്തമാക്കുവാൻ അമ്മ നൽകിയിരിക്കുന്ന ദിവ്യസമ്മാനമാണ് ജപമാല. വറ്റിപോയതിനെ നിറയ്ക്കാനും മുറിഞ്ഞുപോയതിനെ കൂട്ടി യോജിപ്പിക്കാനും തളർന്നു താഴ്ന്നതിനെ താങ്ങി നിറുത്തുവാനും പര്യാപ്തമായ ആത്മീയോർജ്ജം ജപമാലയിൽ അന്തർലീനമായിട്ടുണ്ട്.

അന്ധകാരശക്തികൾ പ്രബലമാകുന്ന ഈ സഹസ്രാബ്ദത്തിൽ സഭയ്ക്കു ശക്തി ജപമാലയാണ്. അനുദിന ക്ലേശങ്ങളുടെ ഇരുളിൽ നമുക്ക് പ്രകാശം തരാൻ അമ്മയ്ക്ക് കഴിയും. സെന്റ് അഗസ്റ്റിന്റെ പ്രാർത്ഥന അർത്ഥപൂർണ്ണമാണ്; ‘‘പരി. മറിയമേ, കഷ്ടതയിൽ കഴിയുന്നവരെ സഹായിക്കണമേ, നിന്റെ ജനത്തിനുവേണ്ടി പ്രാർത്ഥിക്കണമേ, വൈദികർക്കുവേണ്ടി വാദിക്കണമേ, ദൈവത്തിനു സമർപ്പിതരായ എല്ലാ വ്യക്തികൾക്കുമായി മാദ്ധ്യസ്ഥ്യം വഹിക്കണമേ. അങ്ങയെ വണങ്ങുന്ന എല്ലാവർക്കും ഇപ്പോൾതന്നെ അങ്ങേ സഹായവും സംരക്ഷണവും അനുഭവപ്പെടുത്തണമേ’’. മാതൃഭക്തനായ ജോൺപോൾ രണ്ടാമൻമാർപാപ്പയുടെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്; ‘‘അവളുടെ പുത്രന്റെ മാതൃമദ്ധ്യസ്ഥത്തിന് കഴിയും എന്ന വിശ്വാസത്തിന്റെ പ്രാർത്ഥനയാണ് ജപമാല. ജപമാല മന്ത്രം ഉരുവിടുന്ന പുണ്യനിമിഷങ്ങൾ ജീവിതങ്ങളുടെമേൽ അനുഗ്രഹങ്ങൾ പെയ്തിറങ്ങുന്ന നിമിഷങ്ങളായി തീരുന്നതോടൊപ്പം പിശാചിന്റെ പിടിവിടുന്ന വിജയമുഹൂർത്തവും നിറം മങ്ങിയ മാനവന്റെ ജീവിതത്തിന് വർണം പകരുവാൻ തിരുക്കുമാരന്റെ അനുഗ്രഹങ്ങൾ ചൊരിയപ്പെടുന്ന ധന്യ നിമിഷങ്ങളുമാണ്’’. 9–ാം പൂയൂസ് മാർപാപ്പ പറയുന്നു; ‘‘ഈ വത്തിക്കാൻ കൊട്ടാരം മുഴുവൻ പരിശോധിച്ചാലും കൊന്തയേക്കാൾ വലിയ നിക്ഷേപം അഥവാ നിധി കണ്ടെത്തുക അസാദ്ധ്യം’’. ഭാഗ്യസ്മരണാർഹനായ ജോൺ പോൾ പാപ്പ പറയുന്നു; ‘‘എനിക്ക് ഏറ്റവും പ്രിയപ്പെട്ട പ്രാർത്ഥന ജപമാലയാണ്’’.

ജപങ്ങളുടെ മാല ജപമാല. യേശുനാഥൻ നമ്മെ പഠിപ്പിച്ച പ്രാർത്ഥനയും ഗബ്രിയേൽ മാലാഖയുടെ അഭിവാദ്യവും, എലിസബത്തിന്റെ ആനന്ദകീർത്തനവും ചേർത്ത് കോർത്തെടുത്ത ജപമാല നമ്മുടെ അനുദിന ജീവിതത്തിൽ ശക്തി കേന്ദ്രമായി മാറണം. ജീവിതത്തിന്റെ ഇരുളു നിറഞ്ഞ അനുഭവങ്ങളിൽ, ഇല്ലായ്മകളുടെ തേങ്ങലുകളിൽ, നിറഞ്ഞൊഴുകുന്ന കണ്ണീർകണങ്ങൾക്കിടയിൽ ജപമാലയിലൂടെയുള്ള പരി. അമ്മയുടെ സാന്നിദ്ധ്യം നമ്മുക്ക് ശക്തിയായി മാറട്ടെ.

**ഫാ. ജോസി പുതുപ്പറമ്പിൽ**